بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 16.04.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും അവന്റെ കല്പനകൾ പ്രാവർത്തികമാക്കാനും അവന്റെ പക്കൽ നമ്മുടേ പ്രാർഥനകൾ സ്വീകാര്യയോഗ്യമാക്കാനും വേണ്ടി ഈ റമദാനിൽ നാം പരിശ്രമിക്കണം

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ أَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ۔ أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَ إِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം സൂറ അൽ ബഖറയിലെ 184 മുതൽ 187 വരെയുള്ള ആയത്തുകളും തർജമയും കേൾപ്പിച്ചു കൊണ്ട് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്കേവർക്കും ഒരിക്കൽ കൂടി റമദാൻ മാസത്തിലൂടെ കടന്നു പോകാൻ ഈ വർഷം അവസരം കരഗതമായിരിക്കുകയാണ്. എന്നാൽ ഒന്നോർക്കണം, റമദാൻ മാസം ലഭിക്കുകയും അത്താഴവും നോമ്പു തുറയും കഴിക്കുക കൊണ്ട് മാത്രമായില്ല. മറിച്ച് വ്രതാനുഷ്ഠാനത്തിലൂടെ നാം നമ്മുടെ അന്തരംഗങ്ങളിൽ സൽപരിവർത്തനം സംജാതമാക്കണമെന്ന് കല്പനയുണ്ട്. നോമ്പുമായി ബന്ധപ്പെട്ട് അല്ലാഹു നമുക്ക് ചില കല്പനകൾ നല്കിയിട്ടുണ്ട്. അവ പ്രാവർത്തികമാക്കുന്നതിലൂടെ നമുക്ക് അവൻ തന്റെ സാമീപ്യവും ദുആ സ്വീകാര്യതയും നല്കുമെന്ന് സുവാർത്ത അറിയിച്ചിട്ടുണ്ട്.

ഞാൻ പാരായണം ചെയ്ത ഖുർആനിക വചനങ്ങളിൽ വ്രതാനുഷ്ഠാനം ഫർളാണ് എന്ന് അല്ലാഹു നമ്മെ ഉണർത്തിയിരിക്കുന്നു. രോഗമോ മറ്റേതെങ്കിലും അനുവദനീയ കാരണമോ ഉണ്ടെങ്കിൽ അതിൽ ഇളവുണ്ടെന്നും പിന്നീട് അവ എടുത്തു വീട്ടണമെന്നും കഴിവുണ്ടെങ്കിൽ ഫിദ്‌യ അഥവാ പ്രായശ്ചിത്തം നല്കണമെന്നും അവന്റെ കല്പനയുണ്ട്. പരിശുദ്ധ ഖുർആന്റെ പ്രസക്തിയും അവതരണവും ഇവിടെ വിവരിച്ചു കൊണ്ട് മനസ്സിലാക്കിത്തന്നിരിക്കുന്നത് ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നത് നമുക്ക് വിശ്വാസവും സന്മാർഗവും സുദൃഢവുമാക്കാനുള്ള മാർഗമാണ് എന്നാണ്. അതു കൂടാതെ അല്ലാഹു നമുക്ക് മറ്റൊരു ഇപ്രകാരം സുവാർത്തയും നല്കിയിട്ടുണ്ട്. അല്ലയോ പ്രവാചകരേ എന്റെ ദാസരെ ഇങ്ങനെ അറിയിക്കുക, ഞാൻ സമീപസ്ഥനാണ് പ്രാർഥിക്കുന്നവന്റെ പ്രാർഥന ഞാൻ കേൾക്കുകയും അതിന് ഉത്തരം നല്കുകയുംചെയ്യുന്നു.

ദുആ സ്വീകാര്യതയ്ക്കായി ചില നിബന്ധനകളുണ്ട്. നാം ഈ നിബന്ധനകളനുസരിച്ച് തങ്ങളുടെ പ്രാർഥനകളെ അലംകൃതമാക്കുകയാണെങ്കിൽ അല്ലാഹുവിനെ സമീപസ്ഥനും പ്രാർഥനക്ക് ഉത്തരം നല്കുന്നവനുമായി നാം കാണുന്നതാണ്.ദുആയുടെ പ്രസക്തി, ദുആ സ്വീകാര്യതയുടെ നിബന്ധനകൾ, ദുആയുടെ തത്ത്വം എന്നിവ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഞാനിവിടെ കേൾപ്പിക്കുന്നതാണ്. ഈ സൂക്തത്തിന്റെ സാരാംശം ഇപ്രകാരമാണ്. ദുആ സ്വീകാര്യതയുടെ വിഷയത്തിൽ ഓർത്തിരിക്കേണ്ട കാര്യം ആദ്യ ചുവടു വയ്പ്പു നടത്തേണ്ടത് ദാസനാണ്. അതിൽ ഔന്നത്യം വരിക്കുമ്പോൾ ദൈവകാരുണ്യവും കൃപാവരവും തിരതല്ലുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ദുആ ഇസ്‌ലാമിന്റെ ഒരു സവിശേഷമായ അഭിമാനമാണ്. മുസ്‌ലീങ്ങൾ അതേ കുറിച്ച് അഭിമാനം കൊള്ളേണ്ടതാണ്. ദുആ എന്നത് വാചക കസർത്തിന്റെ പേരല്ല. ഇത് ഹൃദയത്തെ ദൈവഭയം കൊണ്ട് നിറയ്ക്കുകയും ആത്മാവിനെ ദൈവസന്നിധാനത്തിലേക്ക് ഒഴുക്കി വിടുകയും ചെയ്യുന്ന സംഗതിയാണ്. ഈ അവസ്ഥയെ വാചകാന്തരേണ മരണം എന്നു പറയാനാകും.

ദുആ സ്വീകാര്യതയുടെ വിഷയത്തെ കൂടുതൽ വിശദീകരിച്ചു കൊണ്ട്ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ദുആയുടെ സ്വഭാവം ഇപ്രകാരമാണ്. ഒരു സുകൃതവാനായ ദാസനും നാഥനും തമ്മിൽ ഒരു ആകർഷക ബന്ധമുണ്ടാകും. ഏതെങ്കിലും കഠിനമായ വിഷമസന്ധിയിൽ ആയിരിക്കവെ ദൈവസമക്ഷം സമ്പൂർണ ദൃഢവിശ്വാസത്തോടും സമ്പൂർണ പ്രതീക്ഷയോടും സമ്പൂർണ സ്നേഹത്തോടും സമ്പൂർണ വിശ്വസ്തതയോടും സമ്പൂർണ ധൈര്യത്തോടും കൂടി കുമ്പിട്ടു കൊണ്ട് അനാസ്ഥയുടെ ആവരണങ്ങളെ കീറിമുറിച്ചു കൊണ്ട് ഫനാ അഥവാ ദൈവത്തിൽ വിലയം പ്രാപിക്കലിന്റെ മൈതാനത്ത് പേർത്തും പേർത്തും മുന്നേറുകയും അവന്റെ ആത്മാവ് ആ തിരുസന്നിധിയിൽ ശിരസ്സ് വയ്ക്കുകയും ചെയ്യുന്നു. അവനിൽ നിക്ഷിപ്തമായ ആകർഷക ശക്തി ദൈവാനുഗ്രഹങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു.

പ്രവാചകന്മാരാൽ വെളിപ്പെട്ട ആയിരക്കണക്കിന് അത്ഭുത ദൃഷ്ടാന്തങ്ങളുടെയും ഔലിയാക്കളുടെ അത്ഭുത സിദ്ധികളുടെയും ആധാരവും പ്രഭവകേന്ദ്രവും ഇത്തരത്തിലുള്ള ദുആകൾ തന്നെയാണ്. മിക്കപ്പോഴും ദുആകളുടെ സ്വാധീന ഫലമായാണ് സർവശക്തനായ ദൈവം അസാധാരാണമായ മായാവിലാസങ്ങൾ പ്രകടിപ്പിക്കുന്നത്.

അല്ലാഹു പറയുന്നു, നമ്മുടെ മാർഗത്തിൽ തീവ്രയത്നം ചെയ്യുന്നവർക്ക് നാം നമ്മിലേക്കുള്ള മാർഗങ്ങൾ തുറന്നു കൊടുക്കുന്നതാണ്. പ്രയത്നിക്കുക ദാസന്റെ ബാധ്യതയാക്കുകയും നീ ഞങ്ങളെ ചൊവ്വായ മാർഗത്തിൽ നടത്തേണ

മേ എന്ന ദുആ പഠിപ്പിക്കുകയും ചെയ്തു. ഇക്കാര്യം മുന്നിൽ വച്ചു കൊണ്ട് ദീനരോദനത്താൽ വിലപിച്ചു കൊണ്ട് നമസ്ക്കാരത്തിൽ പ്രാർഥിക്കേണ്ടതുണ്ട്. പരലോകത്ത് കാഴ്ച്ചയുണ്ടാകാൻ ഇഹലോകത്ത് നിന്നും തന്നെ നമ്മൾ നേത്രങ്ങൾ കൊണ്ടു പോകേണ്ടതുണ്ട്.

അതിനാൽ ഈ ദിനങ്ങളിൽ **ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം** എന്ന ദുആ വളരെയധികമായി ചെയ്യേണ്ടതാണ്. അല്ലാഹു നമ്മളെ ചൊവ്വായ മാർഗത്തിൽ നടത്തുമാറാകട്ടെ. ഹൃദയങ്ങളെ പവിത്രമാക്കി യഥാർഥ ആരാധകരാക്കുമാറാകട്ടെ. ഭീകരവാദികൾ ഇന്ന് ചെയ്തുകൂട്ടുന്നതു പോലെ നമ്മളും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പേരിൽ അക്രമം അഴിച്ചു വിടുന്നവരാകാതിരിക്കട്ടെ.

ചിലർ പറയുന്നു, ഞങ്ങൾ ഒരുപാടു പാപങ്ങൾ ചെയ്തിരിക്കുന്നു. ഇനി അല്ലാഹു ഞങ്ങളോടു പൊറുക്കുകയില്ല എന്നാണ്. അവരുടെ ഹൃദയങ്ങളിൽ പിശാച് ദുർമന്ത്രണം നടത്തിയിരിക്കുന്നു. സാത്താന്റെ ആക്രമണങ്ങളിൽ നിന്നും പിടിവലയത്തിൽ നിന്നും പുറത്തു കടക്കാനുള്ള മാർഗം വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, പാപം ചെയ്യുന്നവർ തങ്ങളുടെ പാപാധിക്യവും മറ്റും കാരണത്താലെ ദുആയിൽ നിന്നും ഒരിക്കലും വിട്ടു നില്ക്കരുത്. അപരാധങ്ങളിൽ മുങ്ങിയതിനാൽ ദുആയിൽ നിന്നും ഹതാശരും പശ്ചാത്താപത്തിലേക്ക് തിരിയാത്തവനും ഒടുക്കം പ്രവാചക ാരെയും അവരുടെ പ്രഭാവങ്ങളെയും നിഷേധിക്കുന്നവരായി മാറുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഇൽഹാമായ **ഉജീബുകുല്ല ദുആയിക്ക** എന്നതിനെ കുറിച്ചു പറയുന്നു, ഏതൊരു ദുആ സ്വീകരിക്കപ്പെടാത്തതിനാലാണോനഷ്ടങ്ങൾ വരുന്നത് അതാണ് കുല്ല അഥവാ എല്ലാം എന്നതുകൊണ്ടുള്ള വിവക്ഷ. അല്ലാഹു തർബിയ്യത്തും (ശിക്ഷണവും) ഇസ്ലാഹും (സംസ്കരണവും) ഉദ്ദേശിച്ചിട്ടാണെങ്കിൽ ദുആ തള്ളിക്കളയുന്നതു തന്നെയാണ് ദുആ സ്വീകാര്യത. ദുആ തള്ളപ്പെടുന്നതാണ് പ്രാർഥിക്കുന്നവനെ സംബന്ധിച്ചിടത്തോളം നന്മയും ഉത്തമവും എന്നതാണ് അതിലടങ്ങിയ നിഗൂഢ തത്ത്വം. ദുആ സ്വീകാര്യതയുടെ കാര്യത്തിൽ അല്ലാഹു നമ്മുടെ ആശങ്കകൾക്കും ഇച്ഛകൾക്കും വിധേയനല്ല. ഇക്കാര്യത്തിൽ ഞാനും അനുഭവസ്ഥനാണ്. ദുആയിൽ ഏതെങ്കിലും ഹാനികരമായ വശമുണ്ടെങ്കിൽ അത് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല.

ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി, ദിനേനയുള്ള കത്തുകളിലും മറ്റും എനിക്ക് ഇത് കാണാൻ സാധിക്കുന്നുണ്ട്. ആളുകൾ ദുആ ചെയ്യുകയും ഒരു കാര്യം നടക്കാനായി നിർബന്ധ ബുദ്ധ്യാ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ അതിന് ശുഭ പരിണാമമുണ്ടാകുന്നില്ല. എന്നിട്ട് അക്കാരണത്താൽ അല്ലാഹുവിനോട് പരിഭവമുണ്ടാകുന്നു.പറയുന്നു,ആദ്യമായി നോക്കേണ്ടത് ദുആയെ പാര്യമ്യത്തിലെത്തിക്കാനായോ? അങ്ങനെ ചെയ്തെങ്കിൽഎന്നിട്ടും ഫലമുണ്ടായില്ലെങ്കിൽ അതിൽ ദൈവയുക്തിയുണ്ടാകും. അതുതന്നെയായിരിക്കും ഗുണകരവും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, അല്ലാഹു ദാസരുടെ ദുആ കേൾക്കുന്നതും സ്വീകരിച്ചരുളുന്നതും സുദൃഢവും സുനിശ്ചിതവുമായ കാര്യമാണ്. എന്നാൽ അത് ഒന്നൊഴിയാതെ എല്ലാം എന്ന നിലയിൽ ആകുകയില്ല. എന്തെന്നാൽ ദേഹേച്ഛകൾക്ക് അടിപ്പെട്ട് അനന്തരഫലത്തെയും പര്യവസാനത്തെയും കുറിച്ച് ബോധവാ ാരാകാതെയാണ് ആളുകൾ ദുആ ചെയ്യുന്നത്. എന്നാൽ സർവ കണക്കുകളും അറിയുന്നവനും പര്യവസാന ജ്ഞാനിയുമായ അല്ലാഹു ആ ഹാനികളെയും ദുഷ്ഫലത്തെയും മുൻ നിറുത്തി അത് തള്ളിക്കളയുന്നു. അങ്ങനെ ആ ദുആ തള്ളിക്കളയുന്നതു തന്നെ് ദുആ സ്വീകാര്യതയായി ഭവിക്കുന്നു.

ദുആ സ്വീകാര്യതയുടെ നിബന്ധനകളെ കുറിച്ച് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ദുആ സ്വീകാര്യതയ്ക്കായി ദുആയ്ക്കു വേണ്ടി പറയുന്ന വ്യക്തി ദൈവഭയവും ദൈവത്തോടുള്ള വിലാപവും കൈക്കൊള്ളേണ്ടത് അനിവാര്യമാണ്. ദൈവത്തോടു സമരസപ്പെടലും ദൈവാരാധനയും തങ്ങളുടെ വ്യതിരിക്ത അടയാളം ആക്കേണ്ടതാണ്. തഖ്വയാലും സത്യസന്ധതയാലും അല്ലാഹുവിനെ പ്രീതിപ്പെടുത്തിയാൽ ദുആ സ്വീകാര്യതയുടെ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. ഒരാൾ തന്റെ വിശ്വാസാദർശങ്ങളിൽ അടിയുറച്ചവനും സൽക്കർമ്മിയുമാകേണ്ടതും അതിനായി അത്യന്താപേക്ഷിതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, പ്രവർത്തനങ്ങളില്ലാതെ ഒരാൾ ദുആ ചെയ്യുകയല്ല മറിച്ച് അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. ദുആ ചെയ്താൽ പിന്നെ ഉപാധികളെ എന്തിന് ആശ്രയിക്കണമെന്ന് ചോദിക്കുന്ന അജ്ഞർ ദുആ തന്നെ ഒരു പരോക്ഷമായ ഉപാധിയാണെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. **ഇയ്യാക്ക നസ്തഈൻ** എന്നതിനു മുമ്പായി **ഇയ്യാക്ക നഅ്ബുദു** എന്നു വന്നത് ഇക്കാര്യത്തെ പ്രത്യേകമായി വിശദീകരിക്കുന്നുണ്ട്. അല്ലാഹുവിന് അസീസ്, ഹക്കീം എന്നിങ്ങനെ രണ്ടു ഗുണനാമങ്ങളുണ്ട്. അസീസ് എന്നാൽ എല്ലാ കാര്യങ്ങൾക്കും പ്രാപ്തനെന്നും ഹക്കീം എന്നാൽ കാര്യങ്ങളും യുക്തിയുക്തവും സന്ദർഭോചിതവും ചെയ്യുന്നവനെന്നുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, തഖ്വ ഒന്നിനെ മാത്രമേ ശരീഅത്തിന്റെ സംഗ്രഹമെന്നും അന്തസത്തയെന്നും വിളിക്കാനാകുകയുള്ളു. സത്യനിഷ്ഠരായ അന്വേഷകരായിക്കൊണ്ട് സ്ഥൈര്യത്തോടും ആത്മാർഥതയോടും അതിന്റെ പ്രാരംഭഘട്ടങ്ങൾ തരണം ചെയ്യുകയാണെങ്കിൽ അത്തൊരുമൊരു വ്യക്തി സത്യനിഷ്ഠതയും സത്യാന്വേഷണവും കാരണത്താലെ ഉന്നതപദവികൾ കരസ്ഥമാക്കുന്നതാണ്.

റഹം അഥവാ കാരുണ്യത്തിന്റെ വകഭേദങ്ങളെ കുറിച്ച് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, റഹ്മാനിയ്യത്ത് റഹീമിയ്യത്ത് എന്നിങ്ങനെ രണ്ടു റഹ്മത്തുകളുണ്ട്. റഹ്മാനിയ്യത്ത് എന്നാൽ ആകാശീയവും ഭൗമീകവുമായ സാധനസാമഗ്രികളുടെ രൂപത്തിൽ നമ്മുടെ അസ്തിത്വത്തിനു മുമ്പേ അവൻ ചെയ്ത കൃപാവരങ്ങളാണ്. രണ്ടാമത്തെ കാരുണ്യം റഹീമിയ്യത്ത് ആണ്. അതായത് നമ്മൾ ദുആ ചെയ്യുമ്പോൾ അവൻ നല്കുന്നത്. അത് നമ്മെ പഠിപ്പിക്കുന്നത് ചോദിച്ചു കൊണ്ടിരുന്നാൽ അവൻ നല്കി കൊണ്ടിരിക്കുമെന്നതാണ്. അർഥിക്കുക മനുഷ്യന്റെയും ഉത്തരം നല്കുക ദൈവത്തിന്റെയും സവിശേഷതയാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുവിൻ. പ്രകൃതി വ്യവസ്ഥിതിയിൽ ദുആ സ്വീകാര്യതയുടെ മാതൃ

കകളുണ്ട്. അതിനാലാണ് **ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം** എന്ന ദുആ പഠിപ്പിച്ചത്.

ദുആ എന്ന വിഷയത്തിനു കീഴിൽ നമസ്കാരത്തിന്റെ ഉദ്ദേശവും പ്രസക്തിയും വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശവും അന്തസത്തയും ദുആ തന്നെയാണ്. പ്രാർഥിക്കുക എന്നത് പ്രകൃതിവ്യവസ്ഥിതിക്ക് അനുഗുണവുമാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് നല്കിയ മഹത്തായ ഖജനാവിലെ ചില മൊഴിമുത്തുകളാണ് ഞാനിവിടെ കേൾപ്പിച്ചത്. അപ്രകാരം പ്രവർത്തിച്ചാൽ നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നവരാകാനാകും. പാകിസ്ഥാനിലും അൽജീരിയയിലും ലോകത്ത് എവിടെയുമുള്ള പീഡിതരായ അഹ്മദികൾക്കു വേണ്ടി പ്രത്യേകമായി പ്രാർഥിക്കേണ്ടതാണ്. മറ്റുള്ളവർക്കു വേണ്ടി പ്രാർഥിക്കുന്നവർക്കായി മലക്കുകൾ പ്രാർഥിക്കുന്നതാണ്. ഇത് ലാഭകരമായ കച്ചവടമാണ്. ഇക്കാര്യം ഓർമിച്ചു വയ്ക്കേണ്ടതാണ്. അല്ലാഹു നമുക്ക് എല്ലാവർക്കും റമദാൻ മാസത്തിൽ അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis (atba)**
at Mubarak Mosque, Islamabad, UK – on 16.04.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516